**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1227** **18-09-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്ക് ഭക്ഷണ അലവൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സ്പോർട്സ് ഹോസ്റ്റലിലെ കുട്ടികൾക്ക് ഭക്ഷണ അലവൻസ് കുടിശ്ശിക ഉണ്ടോ; എങ്കിൽ എത്ര മാസത്തെ അലവൻസ് കുടിശ്ശികയുണ്ട്; ആകെ എത്ര തുക വിതരണം ചെയ്യാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ; | (എ) | 2025 മാർച്ച് വരെയുള്ള ഭക്ഷണ അലവൻസ് കുടിശ്ശികയിൽ 1,02,37,509/- രൂപയുടെ ബില്ലുകൾ പ്രോസസ്സ് ചെയ്തിട്ടുണ്ട്. നിലവിൽ 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യത്തിനു രണ്ടാം ഘട്ടമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനു 01.09.2025 ലെ സ.ഉ. (സാധാ) നം. 228/2025-കാ.യു.വ. പ്രകാരം അനുവദിച്ച 4,53,93,507/- രൂപയിൽ നിന്നും കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കൗൺസിലിൽ നിന്നും സ്വീകരിച്ചു വരുന്നു. |
| (ബി) | കായിക സംഘടനകൾക്ക് നൽകുന്ന വാർഷിക സഹായം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷമായി സഹായം മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ ഇനത്തിൽ എത്ര തുകയുള്ള കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളത്; പ്രസ്തുത സഹായം മുടങ്ങാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | കായിക സംഘടനകൾക്ക് കുടിശ്ശിക ഇനത്തിൽ 1,02,60,907/- രൂപ നടപ്പുവർഷം അനുവദിച്ചിട്ടുണ്ട്. കൂടാതെ 38-മത് നാഷണൽ ഗെയിംസിന്റെ തയ്യാറെടുപ്പുകൾക്ക് കായിക അസോസിയേഷനുകൾക്ക് 37,82,600/- രൂപയും നൽകിയിട്ടുണ്ട്. 3.5 കോടിയോളം രൂപ അനുവദിക്കുവാനുണ്ട്. കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കൗൺസിലിൽ നിന്നും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ